(ബി) കാലവർഷക്കെടുതികളിൽ കടപുഴകിയ പട്ടയ ഭൂമിയിലെ മരങ്ങൾ വെട്ടിമാറ്റുന്നതിന് വകുപ്പ് എതിരു നിൽക്കുന്നത്, വൈദ്യുതി പുനഃസ്ഥാപിക്കുന്നതിനും റോഡുകൾ ഗതാഗത യോഗ്യമാക്കുന്നതിനും തടസ്സമാകുന്നത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ ;

(സി) മരങ്ങൾ ഒന്നുമില്ലാതെ, തരിശ്ശായി പട്ടയം ലഭിച്ച സ്ഥലത്ത് കർഷകർ വച്ച് പിടിപ്പിക്കുന്ന മരങ്ങൾ വെട്ടുന്നതിന് അധികാരമില്ലെന്ന് ചില പട്ടയങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ളത് തിരുത്തുവാനും കർഷകരെ സഹായിക്കുന്ന നടപടികൾ ഉണ്ടാകുവാനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല. നിലവിലെ റവന്യൂ, വനം വകുപ്പുകളുടെ നിയമങ്ങൾ പ്രകാരമുള്ള നടപടികൾ മാത്രമാണ് വനം വകുപ്പ് സ്വീകരിക്കുന്നത്. മേൽ നിയമങ്ങൾ കർഷകർക്ക് ബുദ്ധിമുട്ടുണ്ടാക്കാത്ത രീതിയിൽ ഭേദഗതി ചെയ്യാനുള്ള നടപടികൾ റവന്യൂ, വനം വകുപ്പുകൾ എടുത്തുവരുന്നുണ്ട്.

(ബി) കാലവർഷക്കെടുതികളിൽ കടപുഴകിയ മരങ്ങൾ വെട്ടിമാറ്റാൻ വനം വകുപ്പ് തടസ്സം നിൽക്കാറില്ല. നിയമപ്രകാരം പട്ടയഭൂമികളിൽ വൈദ്യുതി പുനഃസ്ഥാപിക്കുന്നതിനും, റോഡുകൾ ഗതാഗത യോഗ്യമാക്കുന്നതിനും വനംവകുപ്പ് എതിര് നിൽക്കാറില്ല.

(സി) പട്ടയ ഭൂമിയിൽ കർഷകർ വച്ചുപിടിപ്പിക്കുന്ന മരങ്ങൾ അവർക്ക് മുറിയ്ക്കാൻ സാദ്ധ്യമാകുന്ന രീതിയിൽ നിയമം ഭേദഗതി ചെയ്യാൻ നടപടി സ്വീകരിച്ചു വരുന്നുണ്ട്.

വനവിസ്തൃതിയും ജൈവ സമ്പത്തും വനഭൂമി കൈയ്യേറ്റവും

285 (3919) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തിന്റെ വനവിസ്തൃതിയും ജൈവസമ്പത്തും വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) ഏറ്റവും കൂടുതൽ വനവിസ്തൃതിയുള്ള ജില്ലകൾ ഏതെല്ലാം ;

(സി) വനഭൂമി കയ്യേറിയത് സംബന്ധിച്ച് എത്ര കേസ്സുകൾ നിലവിലുണ്ട് ; ജില്ലാടിസ്ഥാനത്തിലുള്ള വിവരങ്ങൾ ലഭ്യമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര വനം കയ്യേറ്റങ്ങൾ ഒഴിപ്പിച്ചു ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ഇ) സ്വകാര്യ വ്യക്തികൾ വനഭൂമി കൈവശം വച്ചിരിക്കുന്ന എത്ര കേസുകൾ പാലക്കാട് ജില്ലയിലുണ്ടെന്ന് വ്യക്തമാക്കുമോ ; ഓരോ കേസിന്റെയും കാലിക സ്ഥിതി വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പരിസ്ഥിതി ദുർബല പ്രദേശങ്ങൾ വിജ്ഞാപനം ചെയ്തതുവഴി വനവിസ്തൃതി കൂടിയിട്ടുണ്ട്. ജൈവ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി വർക്കിംഗ്/മാനേജ്മെന്റ് പ്ലാൻ നിഷ്കർഷിക്കുന്ന എല്ലാ പ്രവർത്തനങ്ങളും കർശനമായി നടപ്പിലാക്കിവരുന്നു. ആവാസ വ്യവസ്ഥ പരിപാലനവുമായി ബന്ധപ്പെട്ട് മണ്ണ്, ജലസംരക്ഷണ പ്രവർത്തനങ്ങൾ കള നിർമ്മാർജ്ജനം കാട്ടുതീയിൽ നിന്നുള്ള സംരക്ഷണ പ്രവർത്തനങ്ങൾ എന്നിവ കാര്യക്ഷമമായി നടത്തിവരുന്നു. വനസംരക്ഷണ സമിതികൾ/ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ എന്നിവ രൂപീകരിച്ചും വനസംരക്ഷണ പ്രവർത്തനങ്ങളിൽ പൊതുജന പങ്കാളിത്തം ഉറപ്പിക്കുന്നു. ടി കമ്മിറ്റികളുടെ സഹകരണത്തോടെ വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കൽ, വനസംരക്ഷണ പ്രവർത്തനങ്ങൾ, കാട്ടുതീ നിയന്ത്രണം തുടങ്ങിയ വനപരിപാലന പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(ബി) ഇടുക്കി, പത്തനംതിട്ട, പാലക്കാട്, തൃശ്ശൂർ, വയനാട്.

(സി) വനഭൂമി കയ്യേറിയത് സംബന്ധിച്ച് 1189 കേസുകൾ നിലവിലുണ്ട്.

ക്രമ നമ്പർ	ജില്ല	എണ്ണം
(1)	(2)	(3)
1	തിരുവനന്തപുരം	7
2	കൊല്ലം	1
3	പത്തനംതിട്ട	2
4	കോട്ടയം	1
5	ഇടുക്കി	138
6	എറണാകുളം	13
7	തൃശ്ശൂർ	10

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
8	പാലക്കാട്	109
9	മലപ്പുറം	731
10	കണ്ണൂർ	2
11	കോഴിക്കോട്	19
12	വയനാട്	139
13	കാസർഗോഡ്	17
	ആകെ	1189

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജൂൺ 2014 വരെ 871.671 ഹെക്ടർ വനം കയ്യേറ്റങ്ങൾ ഒഴിപ്പിച്ചു. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ഇ) സ്വകാര്യ വ്യക്തികൾ വനഭൂമി കൈവശം വച്ചിരിക്കുന്ന 16 കേസുകൾ പാലക്കാട് ജില്ലയിൽ നിലവിലുണ്ട്. പാലക്കാട് ജില്ലയിൽ സൈലന്റ്വാലി ഡിവിഷന്റെ കീഴിൽ സ്വകാര്യ വ്യക്തികൾ വനഭൂമി കൈവശം വച്ചതിന് 2 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി കയ്യേറ്റം പൂർണ്ണമായി ഒഴിപ്പിച്ച് കേസുകൾ കോടതിയിൽ ചാർജ് ചെയ്തിട്ടുമുണ്ട്. പാലക്കാട് ഡിവിഷനിലെ 11 കേസുകളിൽ അന്വേഷണം പൂർത്തിയായിട്ടില്ല. നെൻമാറ ഡിവിഷന്റെ കീഴിലെ 3 കേസുകളിൽ ഒരു കേസ് കോടതിയുടെ പരിഗണനയിലാണ്. മറ്റൊരു കേസിലെ കയ്യേറ്റം ഒഴിപ്പിച്ചുവെങ്കിലും കോടതി ഉത്തരവ് പ്രകാരം വിട്ടുകൊടുത്തു. മൂന്നാമത്തെ കേസിലുൾപ്പെട്ട സ്ഥലത്ത് അംഗൻവാടി കെട്ടിടം നിർമ്മിച്ചിരിക്കുന്നതിനാൽ ഒഴിപ്പിക്കാൻ സാധിച്ചിട്ടില്ല.

കാട്ടുമൃഗങ്ങൾ കൃഷി നശിപ്പിക്കൽ

286 (3920) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാട്ടുമൃഗങ്ങൾ നാട്ടിലിറങ്ങി കൃഷി നശിപ്പിക്കുകയും മനുഷ്യജീവന് ഭീഷണിയുണ്ടാവുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; മുമ്പെങ്ങും ഇല്ലാത്ത രീതിയിൽ കാട്ടുമൃഗങ്ങൾ നാട്ടിലിറങ്ങാൻ ഉണ്ടായ കാരണം അറിയുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly